06.04.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/04/2024

1. വൈദ്യുത പമ്പുകളെ സൗരോർജ പമ്പുകളാക്കി മാറ്റുന്നതിനും വൈദ്യുതി എത്താത്ത ഇടങ്ങളിൽ ഡീസൽ പമ്പുകൾ സൗരോർജത്തിലേക്കു മാറ്റുന്നതിനും അനർട്ട് മുഖേന സഹായം നൽകുന്നു. പിഎം കുസും പദ്ധതിയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.ഡീസൽ പമ്പുകൾ സൗരോർജ പമ്പുകളാക്കൽ വൈദ്യുതീകരിക്കാത്ത കൃഷിയിടങ്ങളിലെ 1 HP മുതൽ 7.5 HP വരെയുള്ള ഡീസൽ പമ്പുകൾ സൗരോർജ പമ്പുകളാക്കി മാറ്റി സ്ഥാപിക്കാൻ സഹായം. ഇതിന് 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ലഭിക്കും. നിലവിലുള്ള വൈദ്യുതി പമ്പുകളുടെ സൗരോർജവൽക്കരണം: വൈദ്യുതീകരിക്കാത്ത കൃഷിയിടങ്ങളിലെ 1 HP മുതൽ 7.5 HP വരെയുള്ള പമ്പുകൾ സൗരോർജവൽക്കരിക്കും. 10 സെന്റിനു മുകളിൽ, 5 ഏക്കറിൽ താഴെ ഭൂമിയുള്ള, സൗജന്യ വൈദ്യുതി ലഭിക്കുന്ന കർഷകരെയാണു പരിഗണിക്കുന്നത്. പദ്ധതിയിൽ ചേരുന്നതിനു കർഷകൻ പണം മുടക്കേണ്ടതില്ല. കൃഷിയിടത്തിൽ സൗരോർജ പാനൽ സ്ഥാപിക്കുന്നതിനുള്ള അനുമതി പത്രം നൽകിയാൽ മതി. അനർട്ടിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു പ്രവൃത്തികൾ പൂർത്തിയാക്കും. കർഷകന്റെ ഉപയോഗം കഴിഞ്ഞുള്ള വൈദ്യുതി കെഎസ്ഇബിക്കു നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനം വായ്പയുടെ തിരിച്ചടവിന് ഉപയോഗിക്കാം. എറണാകുളം, പാലക്കാട്, തൃശൂർ, മലപ്പുറം, കാസർകോട് ജില്ലകളിലാണ് നിലവിൽ പദ്ധതി നടപ്പാക്കുന്നത്. കൂടുതൽ വിവരങ്ങൾക്കു എറണാകുളം 0484-2428611, 9188119407, തൃശ്ശൂർ 0487-2320941, 9188119408, മലപ്പുറം 9188119410, പാലക്കാട് 0491- 2504182, 9188119409, കാസർഗോഡ് 04994-230944, 9188119414.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ ഐഐ.എസ്.ആർ, പന്നിയൂർ 2 ഇനങ്ങളുടെ സിംഗിൾ നോഡ് കട്ടിങ്ങുകൾ, പന്നിയൂർ, കരിമുണ്ട ഇനങ്ങളുടെ വേരുപിടിപ്പിച്ച തൈകൾ, അകത്തളച്ചെടികളുടെയും ഉദ്യാനച്ചെടികളുടെയും തൈകൾ, ഗോൾഡൻ സൈപ്രസ് തൈകൾ, പാഷൻഫ്രൂട്ട് തൈകൾ, സുരിനാം ചെറി തൈകൾ, പെപ്പിനോ തൈകൾ, മുളക്, കത്തിരി, തക്കാളിത്തൈകൾ, കോവൽതണ്ടുകൾ, കറിവേപ്പുതൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383470834

3. മത്സ്യഫെഡിന്റെ 20 ടൺ ഫ്രീസിംഗ് കപ്പാസിറ്റിയും, 600 ടൺ കോൾഡ് സ്റ്റോറേജ് കപ്പാസിറ്റിയുമുള്ള കൊച്ചങ്ങാടിയിലുള്ള മത്സ്യഫെഡ് ഐസ് ആൻ്റ് ഫ്രീസിംഗ് പ്ലാന്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഭാഗികമായി വാടകയ്ക്ക് നൽകുന്നു. താത്പര്യമുള്ളവർ 9526041126, 9526041195 നമ്പരുകളിൽ ബന്ധപ്പെടുക.

4. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ 2024 ജൂൺ മാസം വിതരണം ചെയ്യുന്ന 46 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങൾക്കുള്ള ബുക്കിംങ്ങ് ആരംഭിച്ചതായി അസിസ്റ്റൻഡ് ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ പിടക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും, പൂവൻ കുഞ്ഞുങ്ങൾ 5 രൂപയ്ക്കും കോഴിവളം കിലോ 3 രൂപയ്ക്കും ലഭ്യമാണ്. ബുക്കിംങ്ങിനും അന്വേഷണങ്ങൾക്കും 04812373710,8301897710 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

5. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ പരിപാലിച്ച് വരുന്ന മുട്ടനാടുകളെ (3 എണ്ണം) ഈ മാസം 10 ന് (10/04/2024) പകൽ 11 മണിക്ക് പരസ്യ ലേലം വഴി വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 10.30 നു മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരത ദ്രവ്യം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കെട്ടി വെയ്ക്കേണ്ടതുമാണ്. ലേലം പിടിക്കാത്തവർക്ക് ആയിരം രൂപ മടക്കിനൽകുന്നതായിരിക്കും.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ 'ഇറച്ചിക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ഈ മാസം 12 ന് (12/04/2024) രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454, 9188522713 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം